# പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2590 — 19.07.2011-ൽ മറുപടിയ്ക്ക്

## <u>സർക്കാർ ജീവനക്കാരുടെ പ്രൊബേഷൻ കാലയളവ്</u>

| <u>ചോദ്യം</u><br>ശ്രീ. ജെയിംസ് മാത്യു | | <u>ഉത്തരം</u><br>ശ്രീ. ഉമ്മൻ ചാണ്ടി<br>(ബഹു: മുഖ്യമന്ത്രി) |
|---|---|---|
| (എ) കേരളത്തിലെ സർക്കാർ ജീവനക്കാരുടെ പ്രൊബേഷൻ കാലയളവ് എത്ര വർഷം വീതമാണെന്നറിയിക്കാമോ ; | (എ) | നിലവിലുണ്ടായിരുന്ന ചട്ടങ്ങൾ പ്രകാരം ലാസ്റ്റ് ഗ്രേഡ് സർവ്വീസിൽ ഉൾപ്പെട്ട തസ്തികകൾക്ക് തുടർച്ചയായ 2 വർഷത്തിനുള്ളിൽ ഒരു വർഷം ഡ്യൂട്ടിയും, ക്ലാസ് 2, ക്ലാസ് 3 തസ്തികകളിൽ നേരിട്ടുള്ള നിയമനത്തിനും നേരിട്ട് നിയമനം നടത്തുന്ന തസ്തികകളിലേയ്ക്ക് നടത്തുന്ന ട്രാൻസ്ഫർ നിയമനങ്ങൾക്കും തുടർച്ചയായ 3 വർഷത്തിനുള്ളിൽ 2 വർഷം ഡ്യൂട്ടിയും, പ്രൊമോഷൻ വഴിയോ നേരിട്ടുള്ള നിയമനമില്ലാത്ത തസ്തികകളിൽ തസ്തികമാറ്റം വഴിയോ ഉള്ള നിയമനത്തിന് തുടർച്ചയായ 2 വർഷത്തിനുള്ളിൽ ഒരു വർഷം ഡ്യൂട്ടിയുമാണ് പ്രൊബേഷൻ കാലയളവായി നിശ്ചയിച്ചിരുന്നത്. |
| (ബി) ഇതിൽ ഗസറ്റഡ് വിഭാഗം ജീവനക്കാർക്ക് ഇളവ് അനുവദിച്ചിട്ടുണ്ടോ ; ഇങ്ങിനെ അനുവദിക്കുമ്പോൾ അതിൽ നോൺ ഗസറ്റഡ് ജീവനക്കാരെ കൂടി ഉൾപ്പെടുത്താതിരുന്നത് എന്തുകൊണ്ടാണ് ; | (ബി) | 20.12.2010 ലെ G.O (P) 42/2010/ P&ARD നമ്പർ ഉത്തരവ് പ്രകാരം സ്റ്റേറ്റ് സർവ്വീസിലുൾപ്പെട്ടിട്ടുള്ള സെലക്ഷൻ തസ്തികകളിൽ പ്രൊമോഷൻ വഴിയുള്ള നിയമനങ്ങൾക്കും നേരിട്ടുള്ള നിയമനം ഒരു നിയമനരീതിയായി നിശ്ചയിച്ചിട്ടില്ലാത്ത സെലക്ഷൻ തസ്തികകളിലേക്കു നടത്തുന്ന ട്രാൻസ്ഫർ നിയമനങ്ങൾക്കും പ്രൊബേഷൻ കാലയളവ് തുടർച്ചയായ ഒരു വർഷത്തിനുള്ളിൽ ആറ് മാസം ഡ്യൂട്ടിയാക്കി മാറ്റിയിട്ടുണ്ട്. സർക്കാർ ജീവനക്കാരുടെ വിരമിക്കൽ തീയതി ഏകീകരിച്ചതിന്റെ അടിസ്ഥാനത്തിൽ ഉയർന്നതസ്തികകളിൽ ജോലി ചെയ്യുന്ന ജീവനക്കാർ കൂട്ടത്തോടെ വിരമിക്കുന്ന സാഹചര്യം സംജാതമായിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | പ്രൊബേഷൻ പൂർത്തീകരിക്കാത്ത ജീവനക്കാരുടെ അഭാവത്തിൽ ഉയർന്ന തസ്തികകൾ ഒഴിഞ്ഞുകിടക്കുന്ന സാഹചര്യം ഉണ്ടാകുകയും ഇത് ഭരണത്തിന്റെ കാര്യക്ഷമതയെ പ്രതികൂലമായി ബാധിക്കും എന്ന് ബോദ്ധ്യപ്പെട്ട സാഹചര്യത്തിലുമാണ് സെലക്ഷൻ പോസ്റ്റുകളിൽ പ്രൊമോഷൻ വഴിയും നേരിട്ടു നിയമനമില്ലാത്ത തസ്തികകളിൽ തസ്തിക മാറ്റം വഴിയും ഉള്ള നിയമനങ്ങൾക്ക് പ്രൊബേഷൻ കാലാവധി ആറ് മാസമാക്കി പുതുക്കി നിശ്ചയിച്ചിട്ടുള്ളത്. നോൺ ഗസറ്റഡ് തസ്തികകളിൽ ഉണ്ടാകുന്ന ഒഴിവ് ഭരണകാര്യക്ഷമതയെ കാര്യമായി ബാധിക്കുകയില്ല എന്ന വസ്തുതയുടെ അടിസ്ഥാനത്തിലും ഒട്ടനവധി നോൺ ഗസറ്റഡ് തസ്തികകളിൽ നേരിട്ടുള്ള നിയമനം നടത്തി വരുന്നുവെന്ന കാരണത്താലുമാണ് ടി തസ്തികകളുടെ പ്രൊബേഷൻ കാലയളവിൽ മാറ്റം വരുത്താതിരുന്നത്. |
| (സി) | പ്രൊബേഷൻ പൂർത്തീകരിക്കുന്നതു വഴി യോഗ്യരാവുന്നവരുടെ അഭാവത്തിൽ പല വകുപ്പുകളിലും പ്രമോഷൻ വഴി നികത്തേണ്ട തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) | ഇങ്ങിനെയുണ്ടാകുന്ന ഒഴിവുകൾ നികത്തുന്നതിനായി നോൺ ഗസറ്റഡ് ജീവനക്കാരുടെയും പ്രൊബേഷൻ കാലയളവിൽ കുറവുവരുത്തുന്നതിന് നടപടി സ്വീകരിക്കുമോ ? | (ഡി) | പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ